## പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016-2019)

## രണ്ടാമത് റിപ്പോർട്ട്

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-2016)യുടെ പതിനാലാമത് റിപ്പോർട്ടിലെ (തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ]**

(2016 ഒക്ടോബർ മാസം 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016-2019)

**രണ്ടാമത് റിപ്പോർട്ട്**

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-2016)യുടെ പതിനാലാമത് റിപ്പോർട്ടിലെ (തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്)ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ]**

1001/2016.

## ഉള്ളടക്കം


| | | | | പേജ് |
|---|---|---|---|---|
| സമിതിയുടെ ഘടന | | | .. | v |
| മുഖവുര | | | .. | vii |
| അദ്ധ്യായം I | : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 2 |
| അദ്ധ്യായം III | : | സമിതിയുടെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും | .. | 11 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-2019)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എസ്. ശർമ്മ

<u>അംഗങ്ങൾ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. കെ. ശശീന്ദ്രൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീമതി രമാദേവി അമ്മ, എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 സെപ്റ്റംബർ മാസം 7-ാം തീയതി കൂടിയ സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

എസ്. ശർമ്മ,

തിരുവനന്തപുരം,
2016 ഒക്ടോബർ 4.

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

# റിപ്പോർട്ട്

## അദ്ധ്യായം I

ആരോഗ്യ വകുപ്പിന്റെ പ്രവർത്തനവും ബഡ്ജറ്റ് വിഹിത വിനിയോഗവും സംബന്ധിച്ച പഠനം നടത്തുന്നതിന്റെ ഭാഗമായി 4-9-2013-ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്റ്റലുകൾ സന്ദർശിച്ച എസ്റ്റിമേറ്റ്സ് കമ്മിറ്റിക്ക് പ്രസ്തുത ഹോസ്റ്റലുകളുടെ ശോചനീയാവസ്ഥ ബോധ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-2016)യുടെ പതിനാലാമത് റിപ്പോർട്ട് (തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്) 17-7-2014-ൽ സഭയിൽ സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 18 പൊതുശിപാർശകളാണ് ഉണ്ടായിരുന്നത്.

2. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 26-11-2014-ൽ സർക്കാരിലേക്ക് അയച്ചുകൊടുത്തു. സമിതിയുടെ ശിപാർശകളിന്മേൽ ആരോഗ്യകുടുംബക്ഷേമ വകുപ്പിൽ നിന്ന് ലഭിച്ച മറുപടികൾ 4-2-2015-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയുണ്ടായി. പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിലയിരുത്തുന്നതിനും വിവിധ ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ, മെസ്സുകളുടെ പ്രവർത്തനം, മാലിന്യ സംസ്കരണ സംവിധാനം തുടങ്ങിയ കാര്യങ്ങളിൽ നിലനിന്നിരുന്ന പ്രശ്നങ്ങൾ പരിഹൃതമായിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിനുമായി സമിതി 25-11-2015-ന് മെഡിക്കൽ കോളേജ് ഹോസ്റ്റലുകൾ വീണ്ടും സന്ദർശിക്കുകയും മെഡിക്കൽ കോളേജ് അധികൃതരുമായും ബന്ധപ്പെട്ട വിവിധ വകുപ്പ് ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും ചെയ്തു. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലാത്തതും പദ്ധതികൾ സംബന്ധിച്ച് ശരിയായ ധാരണയോ ഉൾക്കാഴ്ചയോ ഇല്ലാത്തതും മെഡിക്കൽ കോളേജ് ഹോസ്റ്റലുകളുടെ വിജയകരമായ നടത്തിപ്പിന് വിഘാതമാകുന്നതായി സമിതിക്ക് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ ആരായുന്നതിന് ആരോഗ്യകുടുംബക്ഷേമം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, പൊതുമരാമത്ത്, ധനകാര്യം, ജലവിഭവം എന്നീ വകുപ്പ് സെക്രട്ടറിമാരിൽ നിന്ന് 13-1-2016-ന് സമിതി തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത സന്ദർശനത്തിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെയും തെളിവെടുപ്പ് യോഗത്തിൽ ബോധ്യപ്പെട്ട കാര്യങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി ഏതാനും പുതിയ ശിപാർശകൾ/ നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും അവയ്ക്ക് ആധാരമായ ശിപാർശകളും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിലും സമിതിയുടെ പുതിയ നിരീക്ഷണങ്ങളും ശിപാർശകളും/നിർദ്ദേശങ്ങളും മൂന്നാം അദ്ധ്യായത്തിലും ചേർത്തിരിക്കുന്നു.

അദ്ധ്യായം 3-ലെ ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

## അദ്ധ്യായം II

### ഭാഗം I

#### ശിപാർശ 1

ഹോസ്റ്റൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, പെയിന്റിംഗ്, പരിസര ശുചീകരണ നടപടികൾ, തറയുടെയും ഭിത്തികളുടെയും നവീകരണം എന്നിവ അടിയന്തരമായി നടത്തുക.

#### ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

ഹോസ്റ്റൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, പെയിന്റിംഗ്, പരിസര ശുചീകരണ നടപടികൾ എന്നിവ അടിയന്തരമായി നടത്തി പരിഹരിച്ചിട്ടുണ്ട്. കൂടാതെ തറയുടെയും ഭിത്തികളുടെയും നവീകരണവും നടത്തിയിട്ടുണ്ട്.

#### പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടി

പൊതുമരാമത്ത് വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന തുകകൾ ഉപയോഗിച്ച് അത്യാവശ്യ അറ്റകുറ്റപ്പണികൾ ചെയ്യുന്നുണ്ട്.

#### ശിപാർശ 2

ബാത്ത്റൂമുകളുടെയും കക്കൂസുകളുടെയും നവീകരണം സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

#### ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

ബാത്ത്റൂമുകളുടെയും കക്കൂസുകളുടെയും മരാമത്ത് പണികൾ മെഡിക്കൽ കോളേജ് തിരുവനന്തപുരത്തിന്റെ ഫണ്ട് ഉപയോഗിച്ച് നടത്തിയിട്ടുണ്ട്.

#### പൊതുമരാമത്ത് വകുപ്പിൽനിന്ന് ലഭിച്ച മറുപടി

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതാണ്.

#### ശിപാർശ 3

കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് മഴവെള്ള സംഭരണി, കുഴൽക്കിണർ എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.

#### ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

മഴവെള്ള സംഭരണി, കുഴൽക്കിണർ എന്നിവ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അവ നിർമ്മിക്കുന്നതിനായി തുടക്കം കുറിച്ചിട്ടുണ്ട്.

ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടി

എസ്.സി./എസ്.ടി. വിദ്യാർത്ഥിനി/വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലിന് സമീപമുള്ള പ്രവർത്തനരഹിതമായ മഴവെള്ള സംഭരണി, കുഴൽക്കിണർ എന്നിവ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലല്ല. എന്നാൽ സെക്ഷൻ ഓഫീസിന് മുൻവശത്തായി ഒരു 'Raw water Well' പ്രവർത്തനക്ഷമമായി തുടരുന്നു. കുടിവെള്ളവിതരണം കാര്യക്ഷമ മാക്കുന്നതിന് പുതുതായി സംഭരണ ടാങ്കുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രിൻസിപ്പാൾ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. വിവിധ എസ്റ്റിമേറ്റുകൾ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ജോലി പൂർത്തിയാക്കുന്നതാണ്.

ശിപാർശ 4

ഹോസ്റ്റലിലെ ജലവിതരണം പൂർണ്ണവും സുഗമവുമായ രീതിയിൽ നടപ്പാക്കുന്നതിന് സംഭരണശേഷി കൂടിയ സ്ഥിരം വാട്ടർ ടാങ്ക് നിർമ്മിക്കുകയും ആവശ്യമായ പ്ലംബിംഗ് വർക്കുകൾ നടത്തുകയും ചെയ്യുക.

ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

ഹോസ്റ്റലിലെ ജലവിതരണം സുഗമമാക്കുന്നതിലേക്കായി സംഭരണശേഷി കൂടിയ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിലേക്കായി എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നടപടികൾ ആരംഭിക്കുകയും എസ്.സി./എസ്.റ്റി. വകുപ്പിനോട് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടി

ഹോസ്റ്റലുകൾ ഉൾപ്പെടെ ജലവിതരണം സുഗമമാക്കുന്നതിന് SAT ആശുപത്രിക്ക് മുമ്പിലായി 5 LL സംഭരണശേഷിയുള്ള പുതിയ sump ഉം അനുബന്ധ പമ്പ് ഹൗസും നിർമ്മിച്ചു കഴിഞ്ഞു. എന്നാൽ Electrical/Mechanical ജോലികൾ ചെയ്തിട്ടില്ല. ആയതിനുവേണ്ട 54.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2016-17-ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുവാനായി നടപടി സ്വീകരിച്ചിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി ജോലി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതാണ്.

ശിപാർശ 5

അടുക്കളയും മെസ്സ് ഹാളും ആധുനികവൽക്കരിക്കുന്നതിനും പാചകവാതകം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുക.

ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

അടുക്കളയും മെസ്സ് ഹാളും ആധുനികവൽക്കരിക്കുന്നതിനും പാചകവാതകമുൾപ്പെടെ ഉള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കുമായി എസ്.സി.പി. ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിൽനിന്ന് ലഭിച്ച മറുപടി

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതാണ്.

ശിപാർശ 6

ഹോസ്റ്റലിലെ ബയോവേസ്റ്റ് ഉപയോഗിക്കാൻ പാകത്തിൽ ബയോഗ്യാസ് പ്ലാന്റ്, മാലിന്യസംസ്കരണത്തിന് ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുക.

സർക്കാർ സ്വീകരിച്ച നടപടി

ഫണ്ടിന്റെ അപര്യാപ്തതമൂലം ബയോഗ്യാസ് പ്ലാന്റ്, ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ മാലിന്യസംസ്കരണത്തിനായി താൽക്കാലിക സംവിധാനം ഒരുക്കി അവ നിർമ്മാർജ്ജനം ചെയ്തുവരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇവ സ്ഥാപിക്കുന്നതാണ്.

ശിപാർശ 7

ഹോസ്റ്റലിലെ പുതിയ ഇലക്ട്രിഫിക്കേഷൻ ജോലികൾ അടിയന്തരമായി നടത്തുക, മുറികളിലും വരാന്തയിലും ഫാൻ, ലൈറ്റ് എന്നിവ ആവശ്യാനുസരണം ലഭ്യമാക്കുക.

സർക്കാർ സ്വീകരിച്ച നടപടി

ഹോസ്റ്റലിലെ പുതിയ ഇലക്ട്രിഫിക്കേഷൻ ജോലികൾ നടത്തിയിട്ടുണ്ട്. കൂടാതെ മുറികളിലും വരാന്തയിലും ആവശ്യമായ ഫാൻ, ലൈറ്റ് എന്നിവയും സ്ഥാപിച്ചിട്ടുണ്ട്.

ശിപാർശ 8

ഹോസ്റ്റലിൽ ആവശ്യമുള്ള എല്ലാ തസ്തികകളിലേക്കും സ്ഥിരം ജീവനക്കാരെ പി.എസ്.സി. മുഖാന്തിരം നിയമിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുക.

സർക്കാർ സ്വീകരിച്ച നടപടി

ഹോസ്റ്റലിൽ അത്യാവശ്യം വേണ്ട ജീവനക്കാരെ പി.എസ്.സി. വഴി നിയമിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ 5 ക്ലീനിംഗ് ജോലിക്കാരെ സ്ഥിരം നിയമനം നൽകി നിയമിച്ചിട്ടുണ്ട്.

ശിപാർശ 9

കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി വിവിധ കോഴ്സുകൾക്കു പഠിക്കുന്ന കുട്ടികൾക്കായി ആധുനിക സൗകര്യങ്ങളോടുകൂടിയ പ്രത്യേകം ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മിക്കുക, ഹോസ്റ്റലിൽ തുണി അലക്കുന്നതിനും ഉണക്കുന്നതിനും പഠനത്തിനും പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

സർക്കാർ സ്വീകരിച്ച നടപടി

ഇതിനോടകംതന്നെ പുതിയ ഹൗസ് സർജൻ ക്വാർട്ടേഴ്സ് മെൻസ് ഹോസ്റ്റലിന്റെ നാലാം നിലയും പണി കഴിപ്പിച്ച് കുട്ടികളുടെ ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടുതൽ ഹോസ്റ്റലുകൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ 10

വിനോദത്തിനും വിജ്ഞാനത്തിനും പ്രാമുഖ്യം നൽകുന്ന രീതിയിൽ ടി.വി., കമ്പ്യൂട്ടർ, കളിക്കളങ്ങൾ, ലൈബ്രറി എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.

സർക്കാർ സ്വീകരിച്ച നടപടി

ഇതിനോടകംതന്നെ കുട്ടികളുടെ വിനോദത്തിനും, വിജ്ഞാനത്തിനുമായി ടി.വി., കമ്പ്യൂട്ടർ, കളിക്കളങ്ങൾ, ലൈബ്രറി എന്നീ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

ശിപാർശ 11

ഹോസ്റ്റലിനു ചുറ്റുമതിൽ പണിയുകയും സ്ഥിരം സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുകയും ചെയ്യുക.

ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

ഇതിനോടകംതന്നെ മിക്കവാറും ഹോസ്റ്റലിൽ ചുറ്റുമതിൽ പണിതിട്ടുണ്ട്. കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനനുസരിച്ച് എല്ലാ ഹോസ്റ്റലുകൾക്കും ചുറ്റുമതിൽ നിർമ്മിക്കുന്നതുമാണ്. കൂടാതെ ഹോസ്റ്റലുകൾക്കായി സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിൽനിന്ന് ലഭിച്ച മറുപടി

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതാണ്.

ശിപാർശ 12

ഹോസ്റ്റലും പരിസരവും വൃത്തിയായി സൂക്ഷിക്കുക, ഓടകളും മറ്റും യഥാസമയം വൃത്തിയാക്കി കൊതുകുനശീകരണ പ്രവർത്തനങ്ങൾ ശക്തമാക്കുക, കുട്ടികൾക്ക് ഇടയ്ക്കിടയ്ക്ക് വൈദ്യപരിശോധനാ സംവിധാനം ഏർപ്പെടുത്തുക.

സർക്കാർ സ്വീകരിച്ച നടപടി

ഹോസ്റ്റലും പരിസരവും പി.ഇ.ഐ.ഡി. പ്ലാൻ ഫണ്ടിന്റെ സഹായത്തോടെയും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ സഹായത്തോടെയും വൃത്തിയാക്കിയിട്ടുണ്ട്. കുട്ടികളുടെ വൈദ്യപരിശോധനയ്ക്കായി മെഡിക്കൽ കോളേജ് ആശുപത്രിയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

### ശിപാർശ 13

ഇരുന്നു പഠിക്കുന്നതിനും കിടക്കുന്നതിനും ആവശ്യത്തിന് മേശ, കസേര, കട്ടിൽ തുടങ്ങി ഹോസ്റ്റലിനാവശ്യമായ ഫർണിച്ചറുകൾ അടിയന്തരമായി ലഭ്യമാക്കുക.

### സർക്കാർ സ്വീകരിച്ച നടപടി

ഹോസ്റ്റലുകൾക്ക് അവശ്യം വേണ്ടുന്ന മേശ, കസേര, കട്ടിൽ തുടങ്ങിയ ഫർണിച്ചറുകൾ ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്.

### ശിപാർശ 14

ഹോസ്റ്റലുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും പുനരുദ്ധാരണത്തിനും ബഡ്ജറ്റിൽ കൂടുതൽ തുക അനുവദിക്കുക, മരാമത്തുപണികൾക്കു ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

### സർക്കാർ സ്വീകരിച്ച നടപടി

ഹോസ്റ്റലുകളുടെ പുനരുദ്ധാരണത്തിനായി കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിലേക്കായി 2015-16 വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ പ്രത്യേക സ്കീമിനത്തിൽ അധിക ഫണ്ടിനായി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

### ശിപാർശ 15

ജില്ലാ വെൽഫെയർ ഓഫീസർക്ക് പ്രൊപ്പോസൽ നൽകി ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്കായുള്ള സ്റ്റൈപ്പന്റ് തുക കൃത്യസമയത്തുതന്നെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

### സർക്കാർ സ്വീകരിച്ച നടപടി

ഇപ്പോൾ വിദ്യാർത്ഥികൾക്കായുള്ള സ്റ്റൈപ്പന്റ് കൃത്യസമയത്ത് ലഭ്യമാക്കുന്നുണ്ട്.

### ശിപാർശ 16

ഹോസ്റ്റലിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി കുട്ടികളുടെ പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ലോക്കൽ ബോഡി മെമ്പർമാരെയും ഉൾപ്പെടുത്തി കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിക്കുന്നതിനും ഇടയ്ക്കിടെ യോഗം ചേരുന്നതിനുമുള്ള നടപടി സ്വീകരിക്കുക.

### സർക്കാർ സ്വീകരിച്ച നടപടി

ഹോസ്റ്റലിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ഇതിനോടകംതന്നെ കുട്ടികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉടൻതന്നെ ഉദ്യോഗസ്ഥരെയും, ലോക്കൽ ബോഡി മെമ്പർമാരെയും ഉൾപ്പെടുത്തി കൺസൾട്ടേറ്റീവ് കമ്മിറ്റി വിപുലീകരിക്കുന്നതുമാണ്.

## ശിപാർശ 17

ഹോസ്റ്റലുകളിലെ അറ്റകുറ്റപ്പണികൾ, നിർമ്മാണ പ്രവർത്തനങ്ങൾ അടിസ്ഥാന സൗകര്യവികസനം, എന്നിവയ്ക്കുള്ള 'വിദ്യോദയം' പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

ഹോസ്റ്റലുകളുടെ നവീകരണത്തിനുള്ള 'വിദ്യോദയം' പദ്ധതിക്കായി ഇതിനോടകം തന്നെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടുതൽ ഫണ്ട് ലഭിക്കുന്നതിനായി എ.എസ്.എ.പി. പ്രോഗ്രാമിലൂടെയുള്ള പദ്ധതികൾ ഇതിനോടകംതന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ശിപാർശ 18

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന ഹോസ്റ്റലുകളിലെ സാഹചര്യങ്ങൾ മനസ്സിലാക്കാൻ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജാഗ്രത പുലർത്തുക. മറ്റ് അനുബന്ധ വകുപ്പുകളുടെ സഹകരണത്തോടെ ഹോസ്റ്റലുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന ഹോസ്റ്റലുകളുടെ പുരോഗതിക്കായി നടപടികൾ സ്വീകരിക്കുവാൻ എസ്.സി./എസ്.റ്റി. വകുപ്പ് അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വൈദ്യുതി, ജലസേചനം, പൊതുമരാമത്ത് വകുപ്പുകളുടെ സേവനവും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എസ്.സി./എസ്.റ്റി. വിഭാഗത്തിൽ പഠിക്കുന്ന കുട്ടികളുടെ പഠന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായി 2225-01-277-57-34(പ്ലാൻ) എന്ന ശീർഷകത്തിൽനിന്നും കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിലേക്കായി എസ്.സി./എസ്.റ്റി. വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## ഖണ്ഡിക 20

ഹോസ്റ്റലുകളിലെ സ്ഥിരം ജീവനക്കാരുടെ അഭാവം പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കണമെന്നും ഹോസ്റ്റലുകളിൽ വിവിധ തസ്തികകളിലേക്ക് സ്ഥിരം ജീവനക്കാരെ പി.എസ്.സി. വഴി നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

ഹോസ്റ്റലിൽ അത്യാവശ്യംവേണ്ട ജീവനക്കാരെ പി.എസ്.സി. വഴി നിയമിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മിനിസ്റ്റീരിയൽ ജീവനക്കാരെ എല്ലാ മെഡിക്കൽ കോളേജിലെ ഹോസ്റ്റലിലും പി.എസ്.സി. വഴി ഇതിനോടകം തന്നെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ 5 ക്ലീനിംഗ് ജോലിക്കാരെ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഹോസ്റ്റലിൽ സ്ഥിരം നിയമനം നൽകി നിയമിച്ചിട്ടുണ്ട്.

## ഖണ്ഡിക 21

പല ഹോസ്റ്റലുകളിലും കുട്ടികൾ തിങ്ങിനിറഞ്ഞ് താമസിക്കുന്നത് ഒഴിവാക്കാൻ പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്കായി പ്രത്യേക ഹോസ്റ്റൽ പണിയേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

പുതിയ ഹൗസ് സർജൻ ക്വാർട്ടേഴ്സും മെൻസ് ഹോസ്റ്റലിന്റെ നാലാം നിലയും പണികഴിപ്പിച്ച് കുട്ടികളുടെ ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ പണി കഴിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫാർമസി, ഡെന്റൽ, പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കു താമസിക്കുന്നതിലേക്കായി പ്ലാൻ ഫണ്ട് ഇനത്തിൽ ലഭിച്ച 10 കോടി രൂപയുടെ ഫണ്ട് ലഭ്യമാക്കി 7 നിലകളുള്ള ഹോസ്റ്റൽ പണി ആരംഭിച്ചിട്ടുണ്ട്.

## ഖണ്ഡിക 22

ഹോസ്റ്റലിലെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് പ്രാദേശിക ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിക്കേണ്ട-താണെന്നും മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരണമെന്നും സമിതി അഭിപ്രായപ്പെട്ടു.

## സർക്കാരിൽനിന്നും ലഭിച്ച മറുപടി

ഹോസ്റ്റലിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ഇതിനോടകം തന്നെ കുട്ടികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരെയും ലോക്കൽ ബോഡി മെമ്പർമാരെയും ഉൾപ്പെടുത്തി കൺസൾട്ടേറ്റീവ് കമ്മിറ്റി വിപുലീകരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

## ഭാഗം II

### റിപ്പോർട്ടിലെ വിവിധ ശിപാർശകൾ സംബന്ധിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് ലഭിച്ച മറുപടി

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ അനുബന്ധ ഹോസ്റ്റലുകളുടെ പ്രവർത്തനവും നിയന്ത്രണവും അതാത് മെഡിക്കൽ കോളേജുകളുടെ/മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ പ്രവർത്തിക്കുന്ന 111 ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി വിദ്യോദയം എന്ന പേരിൽ നടപ്പിലാക്കി വരുന്ന പദ്ധതി പ്രകാരം എല്ലാ ഹോസ്റ്റലുകളിലും മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന്റെ എല്ലാ ഹോസ്റ്റലുകളിലും മതിയായ ടോയ്‌ലറ്റുകളും ശുദ്ധജല വിതരണവും ഉറപ്പുവരുത്തുകയും ഏതാനും ഹോസ്റ്റലുകളിലൊഴികെ ചുറ്റുമതിലും നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഹോസ്റ്റലുകളിൽ എല്ലാം തന്നെ വിട്രിഫൈഡ് ടൈലുകൾ പതിച്ചിട്ടുണ്ട്/പതിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ വിദ്യാർത്ഥികൾക്കും കട്ടിൽ, മെത്ത, തലയിണ, എല്ലാ ഹോസ്റ്റലുകളിലും ടെലിവിഷൻ, ലൈബ്രറി പുസ്തകങ്ങൾ, ഫാൻ, റെഫ്രിജറേറ്റർ എന്നിവയും നൽകിയിട്ടുണ്ട്. കൂടാതെ സ്ഥലസൗകര്യമുള്ള ഹോസ്റ്റലുകളിൽ പഠന മേശ, കമ്പ്യൂട്ടർ എന്നിവയും അനുവദിച്ചു നൽകിയിട്ടുണ്ട്.

ഹോസ്റ്റൽ പ്രവേശനത്തിനായി എത്തുന്ന വിദ്യാർത്ഥികളുടെ ആധിക്യം കാരണം ചില ഹോസ്റ്റലുകളിൽ അനുവദനീയമായ എണ്ണം അപേക്ഷകരെക്കാളും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. ഇക്കാരണംകൊണ്ട് ചില ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങളിൽ കുറവ് ഉണ്ടാകുന്നുണ്ട്. അന്തേവാസികളായ വിദ്യാർത്ഥികളിൽ നിന്നുമുള്ള നശീകരണ പ്രവർത്തനങ്ങൾ കാരണം, ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ പരിപാലിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകുന്ന കാര്യവും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഹോസ്റ്റൽ നിർമ്മാണത്തിനായി 2010-11 വർഷം കേന്ദ്ര സഹായമായി പട്ടികവർഗ്ഗ വികസന വകുപ്പിന് ലഭിച്ച 146.788 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചു. 2011-12 വർഷം ഈ ആവശ്യത്തിലേക്ക് തന്നെ കേന്ദ്ര സഹായമായി പട്ടികവർഗ്ഗ വികസന വകുപ്പിന് ലഭിച്ച 250 ലക്ഷം രൂപയിൽ 239 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കാനുള്ള ഒരു ഹോസ്റ്റലിനായുള്ള 11 ലക്ഷം രൂപ മാത്രമേ ഇനിയും ചെലവഴിക്കാതെ കിടക്കുന്നുള്ളൂ. ആയത് ഹോസ്റ്റൽ നിർമ്മാണത്തിനായി ഈ വർഷം ചെലവഴിക്കുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റൽ നിർമ്മാണത്തിനായി 50% (ബോയ്സ്), 100 (ഗേൾസ്) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം

ലഭിക്കുന്ന തുക പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പും നേരിട്ട് നടത്തുന്ന ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് മാത്രമേ നിലവിൽ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളൂ. പ്രസ്തുത തുക പൂർണ്ണമായും ചെലവഴിക്കാതെ കിടക്കുന്നത് നിലവിൽ നിർമ്മാണ പ്രവർത്തികൾ നടന്നു കൊണ്ടിരിക്കുന്ന ഹോസ്റ്റലുകളുടെ കാര്യത്തിൽ മാത്രമാണ്. പ്രസ്തുത ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഈ തുകകൾ പൂർണ്ണമായും ചെലവഴിക്കുന്നതാണ്. മിക്കപ്പോഴും കേന്ദ്രസഹായം നിർമ്മാണത്തിനായി തികയാതെ വരുകയും ബാക്കിയുള്ള തുക സംസ്ഥാന സർക്കാർ ചെലവഴിക്കുകയുമാണ് ചെയ്യുന്നത്.

മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ഹോസ്റ്റൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റേതാകയാൽ, കേന്ദ്രസർക്കാർ പട്ടികവർഗ്ഗ വികസന വകുപ്പിന് നൽകുന്ന കേന്ദ്ര സഹായം ഇക്കാര്യത്തിനായി വിനിയോഗിക്കുവാൻ നിർവ്വാഹമില്ല. മാത്രവുമല്ല വിദ്യോദയം പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടത്തുന്ന ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ്. ആയതിനാൽ തന്നെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജ് ഹോസ്റ്റലുകൾക്കായി പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തുവാൻ നിർവ്വാഹമില്ലായെന്നും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

സമിതി സന്ദർശനം നടത്തിയ മെഡിക്കൽ കോളേജ് ഹോസ്റ്റലുകളിൽ 95 ശതമാനത്തിലധികം വിദ്യാർത്ഥികളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാകയാൽ ഈ വിഷയത്തിൽ പട്ടികജാതി വികസന വകുപ്പിന് കൂടുതൽ ഫലപ്രദമായി ഇടപെടുവാൻ കഴിയും എന്ന് സമിതിയെ ബഹുമാനപൂർവ്വം അറിയിക്കുന്നു.

വിദ്യോദയം പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടത്തുന്ന ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ്. ആയതിനാൽ തന്നെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജ് ഹോസ്റ്റലുകൾക്കായി പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തുവാൻ നിർവ്വാഹമില്ലായെന്നും ബഹു. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായുള്ളതും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്നതുമായ ഹോസ്റ്റലുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി ആ വകുപ്പ് ശിപാർശ സമർപ്പിക്കുന്നപക്ഷം ആനുപാതികമായ സാമ്പത്തിക സഹായം പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അനുവദിക്കാവുന്നതാണെന്ന് സമിതിയെ അറിയിക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്റ്റലുകൾ പട്ടികജാതി വകുപ്പിന്റെ അധീനതയിലുള്ളതല്ല. പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ് ലേഡീസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് വകുപ്പിൽ നിന്നാണ് ധനസഹായം അനുവദിച്ചിരുന്നതെങ്കിലും തുടർന്നുള്ള നടപടികൾ മെഡിക്കൽ കോളേജ് മുഖാന്തിരമാണ് സ്വീകരിക്കുന്നത്. എന്നാൽ ടി കെട്ടിടത്തിന്റെ ശോചനീയാവസ്ഥയെക്കുറിച്ചുള്ള പത്രമാധ്യമത്തിൽ വന്ന വാർത്തകൾ പ്രകാരം കെട്ടിടത്തിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി 50,000 രൂപ വകുപ്പിൽ നിന്നനുവദിച്ചിരുന്നു. ടി കെട്ടിടത്തിന്റെ തുടർന്നുള്ള അറ്റകുറ്റപ്പണികൾ കെട്ടിടത്തിന്റെ MOU പ്രകാരം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ആരോഗ്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## അദ്ധ്യായം III

## സമിതിയുടെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും

തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്റ്റലുകളിൽ നിലനിന്നിരുന്ന ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സമിതി (2014-16) പ്രസ്തുത ഹോസ്റ്റലുകളിലെ സ്ഥിതി നേരിട്ടുകണ്ട് വിലയിരുത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സമിതി (2014-16)യുടെ പതിനാലാമത് റിപ്പോർട്ട് (തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്) 17-7-2014-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച തുടർ നടപടിക്കുറിപ്പുകൾ സമിതി പരിശോധിക്കുകയും സമിതിയുടെ പല ശിപാർശകളും ഫലപ്രദമായി നടപ്പാക്കിയിട്ടില്ലെന്ന് വിലയിരുത്തുകയും ചെയ്തു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾ താമസിക്കുന്ന ഹോസ്റ്റലുകളിലെ കുളിമുറികൾ, ടോയ്ലെറ്റുകൾ തുടങ്ങിയവയിലെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി എസ്.സി./എസ്.ടി. വകുപ്പിന് 22 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചതിൽ ആകെ 50,000 രൂപ മാത്രമാണ് പട്ടികജാതി ക്ഷേമവകുപ്പ് അനുവദിച്ചതെന്ന് ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ തുടർ നടപടിക്കുറിപ്പിൽ പറഞ്ഞിരുന്നു. കൂടാതെ മെഡിക്കൽ കോളേജ് ഹോസ്റ്റലുകളിലെ അസൗകര്യങ്ങളെപ്പറ്റിയുള്ള നിരവധി പരാതികൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുമുണ്ടായി. സംസ്ഥാനത്തെ ഏറ്റവും മികച്ച വിദ്യാർത്ഥികൾ പഠിക്കുന്ന പ്രസ്തുത കോളേജിലെ ഹോസ്റ്റലുകളിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള സമിതിയുടെ ശിപാർശകൾ എത്രത്തോളം നടപ്പാക്കിയിട്ടുണ്ടെന്ന് നേരിട്ട് പരിശോധിക്കേണ്ടതുണ്ടെന്ന് സമിതിക്ക് ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് സമിതി പ്രസ്തുത ഹോസ്റ്റലുകൾ വീണ്ടും സന്ദർശിച്ചത്.

ഇതനുസരിച്ച് 25-11-2015-ന് സമിതി തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്റ്റലുകൾ വീണ്ടും സന്ദർശിക്കുകയും സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ നേരിട്ടുകണ്ട് വിലയിരുത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനമില്ലായ്മ, മതിയായ ആസൂത്രണത്തിന്റെ അഭാവം തുടങ്ങിയ ധാരാളം പ്രശ്നങ്ങൾ പ്രസ്തുത ഹോസ്റ്റലുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നതായി സമിതിക്ക് ബോധ്യമാകുകയുണ്ടായി. പ്രസ്തുത പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ആയതിന് പരിഹാരം കാണുന്നതിനും വേണ്ടി 13-1-2016-ൽ സമിതി നിയമസഭാ കോംപ്ലക്സിൽ ബന്ധപ്പെട്ട വകുപ്പുതലവൻമാരുടെ യോഗം വിളിക്കുകയും പ്രസ്തുത പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിരീക്ഷണങ്ങളും ശിപാർശ/ നിർദ്ദേശങ്ങളുമാണ് ചുവടെ ചേർക്കുന്നത്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്റ്റലുകളുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ, പദ്ധതികളുടെ ആസൂത്രണത്തിലുള്ള ദീർഘവീക്ഷണമില്ലായ്മ, മതിയായ ഫണ്ടിന്റെയും ജീവനക്കാരുടെയും അഭാവം തുടങ്ങിയ കാര്യങ്ങൾ വിഘാതം സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. നിലവിലുള്ള ഹോസ്റ്റലുകളിലെ സ്ഥലപരിമിതി ഒഴിവാക്കുന്നതിനായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. വിവിധ ഹോസ്റ്റലുകളുടെ നവീകരണത്തിനും പുതിയ ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ ദീർഘവീക്ഷണത്തോടെയും സമയബന്ധിതമായുമുള്ള പദ്ധതികൾക്ക് രൂപം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പുതിയ ഹോസ്റ്റൽ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി സമിതിയെ അറിയിക്കേണ്ടതാണ്.

ആരോഗ്യകുടുംബക്ഷേമ വകുപ്പും പട്ടികജാതി വകുപ്പും തമ്മിലുണ്ടാക്കിയിരുന്ന MOU ലഭ്യമല്ലെന്നുള്ള കാരണത്താൽ പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ 30 വർഷത്തിലേറെയായി അറ്റകുറ്റപ്പണികൾ ഒന്നും തന്നെ നടക്കുന്നില്ലെന്നുള്ള വസ്തുത സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പ്രസ്തുത MOU നിർബന്ധമാക്കാതെ പണികൾ നിർവ്വഹിക്കാനാകുമെന്ന് പട്ടികജാതി ക്ഷേമവകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. പ്രസ്തുത പ്രശ്നത്തിന് ഒരു സ്ഥിരം പരിഹാരം ഉണ്ടാക്കണമെന്നും MOU അടിസ്ഥാനമാക്കാതെ പ്രസ്തുത ഹോസ്റ്റലുകളിലെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നിർവ്വഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ വ്യക്തത വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

മെഡിക്കൽ കോളേജ് ഹോസ്റ്റലുകൾക്കായി പുതുതായി പണിയുവാനുദ്ദേശിക്കുന്ന കെട്ടിടങ്ങൾ പ്രവർത്തിച്ചു തുടങ്ങുമ്പോൾ ഇപ്പോഴുള്ള സ്ഥലദൗർലഭ്യം പരിഹൃതമാകുമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പ്രസ്തുത കെട്ടിടങ്ങൾ പൂർത്തിയാവുന്നതുവരെ മെഡിക്കൽ കോളേജ് ക്യാമ്പസിനുവെളിയിൽ കെട്ടിടങ്ങൾ വാടകയ്ക്കെടുത്ത് മതിയായ സുരക്ഷയൊരുക്കി ആൺകുട്ടികൾക്ക് താമസ സൗകര്യമൊരുക്കിക്കൊണ്ട്, ആൺകുട്ടികളുടെ ഹോസ്റ്റൽ കൂടി പെൺകുട്ടികളുടെ താമസത്തിനായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ ആലോചനയിലാണെന്നും ആരോഗ്യ വകുപ്പ് അധികൃതർ സമിതിയെ അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സമിതിയെ അടിയന്തരമായി അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു.

മെഡിക്കൽ കോളേജ് ഹോസ്റ്റലുകളുടെ ദൈനംദിന അറ്റകുറ്റപ്പണികൾക്കായി മൈനർ ഹെഡിൽ നിന്ന് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് അനുവദിക്കാൻ കഴിയുന്ന തുകയുടെ പരിധി 2 കോടി രൂപ മാത്രമാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഹോസ്റ്റലുകളുടെ കാലപ്പഴക്കവും അന്തേവാസികളുടെ എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവും കണക്കിലെടുത്ത് പ്രസ്തുത തുക 2 കോടി രൂപയിൽ നിന്ന് 5 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മെഡിക്കൽ കോളേജിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വർഷങ്ങളായി സ്റ്റൈപ്പന്റും മെസ്സ് മണിയും കൃത്യമായി ലഭിക്കുന്നില്ലെന്നുള്ള പരാതി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. മെഡിക്കൽ കോളേജിലെ വിവിധ ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സംബന്ധിച്ച കൃത്യമായ ലിസ്റ്റോ മറ്റു വിശദാംശങ്ങളോ പട്ടികജാതി ക്ഷേമവകുപ്പിന്റെ പക്കലില്ലെന്നുള്ള വസ്തുതയും സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. വിവിധ ഹോസ്റ്റലുകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹമായ സ്റ്റൈപ്പന്റും മെസ്സ് മണിയും കുടിശ്ശിക തീർത്ത് കൃത്യമായി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മെഡിക്കൽ കോളേജ് ക്യാമ്പസിലും ഹോസ്റ്റലുകളിലും അനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനായി ക്യാമ്പസിൽ പൊതുവായ ഒരു ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഗണ്യമായ അളവിൽ അത്യന്തം അപകടകരമായ മാലിന്യങ്ങൾ ദിനംപ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്ന മെഡിക്കൽ കോളേജ് ക്യാമ്പസിൽ അവ കൈകാര്യം ചെയ്യുന്നതിനായി ഒരു വേസ്റ്റ് മാനേജ്മെന്റ് പ്ലാന്റ് ഇല്ലാത്തതിൽ സമിതി കടുത്ത ആശങ്ക രേഖപ്പെടുത്തുന്നു. വേസ്റ്റ് മാനേജ്മെന്റ് രംഗത്തെ വിദഗ്ദരുടെയും ശുചിത്വമിഷന്റെയും

സഹകരണത്തോടുകൂടി തിരുവനന്തപുരം മെഡിക്കൽ കോളേജിനുമാത്രമായി ഒരു വേസ്റ്റ് മാനേജ്മെന്റ് പ്ലാന്റ്, സ്വീവേജ് സിസ്റ്റം, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സെക്യൂരിറ്റി വീഴ്ചകൾ മെഡിക്കൽ കോളേജ് ഹോസ്റ്റലുകളിൽ നിലനിൽക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഹോസ്റ്റൽ പരിസരങ്ങളിൽ മതിയായ വെളിച്ചം ഇല്ലാത്തതായും ഹോസ്റ്റൽ പരിസരങ്ങളിൽ പാമ്പ്, പട്ടി എന്നിവയുടെ ശല്യം സ്ഥിരമായുണ്ടാകുന്നതായുമുള്ള പരാതികളും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ സുരക്ഷിതത്വത്തിനാവശ്യമായി സ്വീകരിച്ചിട്ടുള്ള നടപടികൾ മെച്ചപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മെഡിക്കൽ കോളേജിലെ വിവിധ ഹോസ്റ്റലുകളിൽ മെസ്സ് നടത്തിപ്പിന് മതിയായ ജീവനക്കാർ ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾ തന്നെ മെസ്സ് നടത്തിപ്പിന്റെ ചുമതല ഏറ്റെടുക്കേണ്ടിവന്നിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ലേഡീസ് ഹോസ്റ്റലുകൾ ഉൾപ്പെടെയുള്ളയിടങ്ങളിൽ മെസ് നടത്തിപ്പിനാവശ്യമായ സാധനങ്ങൾ വിദ്യാർത്ഥിനികൾ തന്നെ പുറത്തുപോയി വാങ്ങിക്കൊണ്ടുവരേണ്ട സാഹചര്യമുണ്ടെന്നുള്ളതും ആയത് അവരുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നുള്ളതും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിവിധ ഹോസ്റ്റലുകളിലെ മെസ്സ് നടത്തിപ്പിനായി മതിയായ ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് മെഡിക്കൽ കോളേജിന്റെ ഭരണ നിർവ്വഹണപരമായ ചുമതലകളും കോളേജിലെ അക്കാദമികമായ ചുമതലകളും ഒരേ സമയം വഹിക്കേണ്ടിവരുന്നുവെന്നത് മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി സമിതി വിലയിരുത്തുന്നു. പ്രിൻസിപ്പലിന്റെ ഭരണനിർവ്വഹണപരവും അക്കാദമികവുമായ ചുമതലകൾ വിഭജിക്കുന്നതിനും ഭരണ നിർവ്വഹണ ചുമതലകൾ നിർവ്വഹിക്കുന്നതിന് മാത്രമായി അനുയോജ്യമായ ഒരു ഉന്നത തസ്തിക സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള നടപടികൾ ആലോചിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഒക്ടോബർ 4.

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.